# കേരള സർക്കാർ
# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2333, 18/12/2012 ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് നൽകിവരുന്ന ആർജ്ജിതാവധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് ആർജ്ജിതാവധി 1/15 എന്ന നിരക്കിലാണോ നൽകിവരുന്നത്<br><br>(ബി) മറ്റ് വകുപ്പുകളിലെ ഫുൾടൈം ജീവനക്കാർക്ക് ആർജ്ജിതാവധി 1/11 നിരക്കിൽ ലഭിക്കുമ്പോൾ പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്കും 1/11 നിരക്കിൽ ആർജ്ജിതാവധി നൽകുന്നകാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | കേരള സർവ്വീസ് ചട്ടത്തിലെ അവധി ചട്ടങ്ങൾ ബാധകമായ എല്ലാ സ്ഥിരജീവനക്കാർക്കും പതിനൊന്ന് ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിൽ പരമാവധി 300 ദിവസംവരെ അവധി ആർജ്ജിക്കുന്നതാണ് എന്ന് കേരള സർവ്വീസ് ചട്ടം ഭാഗം 1 ചട്ടം 78 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർ സ്പെഷ്യൽ റൂൾസിന്റെയോ, മറ്റ് ഏതെങ്കിലും ഉത്തരവിന്റെയോ പരിധിയിൽ വരുന്ന ജീവനക്കാരാണെങ്കിൽ, അവർക്ക് ബാധകമായ ചട്ടങ്ങളിൽ പ്രദിപാദിച്ചിരിക്കുന്ന അവധിക്കു മാത്രമേ അർഹതയുണ്ടാകൂ. |

സെക്ഷൻ ഓഫീസർ